"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ല, ഹോസ്ദുർഗ് താലൂക്കിൽ, പനയാൽ വില്ലേജ് റീസർവ്വെ 294/2A-ൽപ്പെട്ട 0.30 ഏക്കർ സർക്കാർ ഭൂമി പള്ളിക്കര ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്നതിനായി നാമമാത്ര നിരക്കായ ആർ ഒന്നിന് 100/- രൂപ നിരക്കിൽ, 10 വർഷത്തേയ്ക്ക്, നിലവിലെ നിബന്ധനകൾക്ക് വിധേയമായി, പാട്ടത്തിന് നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.76/2025/RD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-

1. പള്ളിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ 19/02/2022 തീയ്യതിയിലെ അപേക്ഷ.
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 10/08/2022 തീയ്യതിയിലെ DCKSGD/6476/ 2022-C6 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19/10/2022 തീയ്യതിയിലെ LR/9708/ 2022-LR J10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ്, ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽപ്പെട്ട 0.30 ഏക്കർ സർക്കാർ ഭൂമി, പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി പള്ളിക്കര ഗ്രാമ പഞ്ചായത്തിന് പാട്ടത്തിനു അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2) ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിലെ റീസർവ്വേ നമ്പർ 294/2 ൽപ്പെട്ട 0.30 ഏക്കർ സർക്കാർ ഭൂമി, പൊതു ശ്മശാനം നിർമ്മിക്കുന്നതിനായി പള്ളിക്കര ഗ്രാമ പഞ്ചായത്തിന് 20,545/- രൂപ വാർഷിക പാട്ടത്തിന് 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിനു നൽകാവുന്നതാണ് എന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ പരാമർശം (2)ലെ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. പ്രൊപ്പോസലിനൊപ്പം ലഭ്യമാക്കേണ്ടതായ ഗ്രാമ പഞ്ചായത്തിന്റെ യോഗ തീരുമാനം, ചെക്ക് ലിസ്റ്റ്, അപേക്ഷ, സ്കെച്ച്, മഹസ്സർ, അടങ്കൽ പകർപ്പ്, ലൊക്കേഷൻ സ്കെച്ച് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുകയും, സംരക്ഷി ക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട വിഷയമായതിനാലും, നിലവിൽ ശ്മശാന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി പള്ളിക്കര ഗ്രാമപഞ്ചായത്തിന് ലഭ്യമാകാത്ത സാഹചര്യത്തിലും, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജ് റീസർവ്വെ 294/2A-ൽപ്പെട്ട 0.30 ഏക്കർ സർക്കാർ ഭൂമി പള്ളിക്കര

ഗ്രാമപഞ്ചായത്തിന് പൊതുശ്മശാനം നിർമ്മിക്കുന്ന തിനായി നാമമാത്ര നിരക്കായ ആർ ഒന്നിന് 100/- രൂപ പാട്ട നിരക്കിൽ, 10 വർഷത്തേയ്ക്ക്, ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ, പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പരിസ്ഥിതി വകുപ്പിന്റെ എൻ.ഒ.സി ഗ്രാമ പഞ്ചായത്ത് വാങ്ങേണ്ടതാണ്;
2) ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവൂ;
3) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;
4) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
5) ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും പനയാൽ ഗ്രാമപഞ്ചായത്ത് സംരക്ഷിച്ച നിർത്തേണ്ടതാണ്;
6) ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടുന്ന പക്ഷം, റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്;
7) മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. പാട്ടത്തുക ഒടുക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.
8) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;
9) ഒരു വർഷത്തിൽ കൂടുതൽ പാട്ടക്കാലാവധി നിശ്ചയിച്ചിട്ടുള്ള പാട്ടക്കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്;
10) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസറഗോഡ്
സെക്രട്ടറി, പള്ളിക്കര ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
തദ്ദേശ സ്വയം ഭരണ (RE) വകുപ്പ്, ( RE3/77/2023/LSGD പ്രകാരം)
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 18-03-2025 16:23:28

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്